(ബി) തിരുവനന്തപുരത്ത് ആക്കുളം ആസ്ഥാനമായുള്ള ദേശീയ ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തെയാണ് (NCESS) കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP) തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ ജില്ലകൾ, കൊച്ചി കോർപ്പറേഷൻ, മരട് മുനിസിപ്പാലിറ്റി എന്നിവയുടെ കരട് പ്ലാൻ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാരാണ് ഇതിനുള്ള ചെലവ് വഹിക്കുന്നത്. തീരദേശ പരിപാലന വിജ്ഞാപനം 2011 അനുസരിച്ചുള്ള തീരദേശ പ്ലാൻ തയ്യാറാക്കേണ്ടത് അതത് സംസ്ഥാനങ്ങളുടെ ബാധ്യതയായതിനാൽ ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടില്ല.

ഡ്രൈവിംഗ് ലൈസൻസ്: നല്കുന്ന നടപടി

18 (*318) ശ്രീ. സി. കെ. സദാശിവൻ :

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ :

ശ്രീ. പുരുഷൻ കടലുണ്ടി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് യോഗ്യരായ നല്ല ഡ്രൈവർമാരെ സൃഷ്ടിക്കുന്നതിന് നിലവിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ ;

(ബി) കെ.എസ്.ആർ.ടി.സി.-യുടേത് ഉൾപ്പെടെ വാഹനങ്ങൾ ഓടിക്കുന്നതിന് അർപ്പണബോധമുള്ള ഡ്രൈവർമാരെ പരിശീലിപ്പിക്കുന്നതിനും മികച്ച ശമ്പളം ഉറപ്പാക്കി കഴിവുറ്റവരെ ഡ്രൈവർ ജോലിയിലേക്ക് ആകർഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ ;

(സി) ഡ്രൈവിംഗ് ലൈസൻസ് നല്കുന്ന നടപടിക്രമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്താൻ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും മോട്ടോർ വാഹന വകുപ്പിനനുവദിച്ച ഫണ്ടുപയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പ്രീ ഡ്രൈവേഴ്സ് ടെസ്റ്റ് പരിശീലനം, ഡ്രൈവിംഗ് സ്കൂൾ ഇൻസ്ട്രക്ടർമാർക്കുള്ള പരിശീലനം, വിദ്യാർത്ഥികൾക്കും, അധ്യാപകർക്കുമുള്ള പരിശീലനം, ട്രാൻസ്പോർട്ട്, നോൺ ട്രാൻസ്പോർട്ട് ഡ്രൈവർമാരിൽ അവബോധം വളർത്തുന്നതിനായി നടത്തുന്ന പരിശീലന പരിപാടികൾ, മുതലായവ നടപ്പിലാക്കി വരുന്നു. ഇതിനുപുറമേ ടിപ്പർ ലോറി ഡ്രൈവർമാർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഡ്രൈവർമാർക്കും പരിശീലനം കൊടുത്തുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. സ്വന്തം നിലയിൽ ഡ്രൈവർമാർക്ക് മികവുറ്റതും സുരക്ഷിതവും അപകടരഹിതവുമായ ഡ്രൈവിംഗ് രീതി നടപ്പിലാക്കുന്നതിന് വേണ്ട പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള വാഹനങ്ങളിലെ ഡ്രൈവർമാർക്ക് മോട്ടോർ വാഹന വകുപ്പ് റോഡ് സുരക്ഷാ പരിശീലനം നൽകിവരുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർക്ക് പരിശീലനം നൽകുന്നതിനായി ദേശസാത്കൃത വിഭാഗം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മോട്ടോർവാഹന വകുപ്പിനുകീഴിൽ എടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ടെയിനിംഗ് & റിസർച്ച് (ഐ.ഡി.ടി.ആർ)-ലും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുന്നുണ്ട്.

(സി) സ്വീകരിക്കുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് നല്കുന്നത് കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചേവായൂർ, ഇളയാവൂർ, പാറശ്ശാല എന്നിവിടങ്ങളിൽ ഡ്രൈവേഴ്സ് ടെസ്റ്റിംഗ് ട്രാക്കുകൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ ഇത്തരം ട്രാക്കുകൾ നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്.

ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ

19 (*319) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. കെ. കെ. നാരായണൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ രൂപം നൽകിയ ട്രാൻസ്പോർട്ട് ആന്റ് സേഫ്റ്റി ബിൽ 2014 ഗതാഗത മേഖലയിൽ എന്തെല്ലാം നിലയിലുള്ള പ്രത്യാഘാതങ്ങളുണ്ടാക്കാൻ പോകുന്നു എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly